# ചെക്ക്പോസ്റ്റിലെ ജീവനക്കാർ; സേവനങ്ങളും ആനുകൂല്യങ്ങളും

**അഴിമതിരഹിത** വാളയാർ പരിപാടിയുടെ വിജയത്തിന് ഇടയാക്കിയത് ചെക്ക് പോസ്റ്റിൽ തൊഴിലെടുക്കുന്ന പാലക്കാട് ജില്ലക്ക് പുറത്തുനിന്നു തെരഞ്ഞെടുത്ത 258 ജീവനക്കാരാണ്. ഇവരിൽ ഭൂരിപക്ഷവും ഇതിനുമുമ്പ് ചെക്ക്പോസ്റ്റുകളിൽ പ്രവൃത്തി പരിചയമില്ലാത്തവരാണ്. ഇവർക്കാകെ നൽകാൻ കഴിഞ്ഞത് മൂന്നു ദിവസത്തെ പരിശീലനമാണ്. തങ്ങളെ ഏൽപ്പിക്കാൻ പോകുന്ന പുതിയ ദൗത്യത്തെക്കുറിച്ച് ആവേശവും ശുഭാപ്തി വിശ്വാസവും നൽകുന്നതിന് ഈ പരിശീലനം പര്യാപ്തമായി. കൂടാതെ പ്രവൃത്തി വൈദഗ്ദ്യം നൽകുന്നതിനും ഉപകരിച്ചു. ഓൺലൈൻ ഡാറ്റ എൻട്രിക്കാവശ്യമായ കമ്പ്യൂട്ടർ പരിജ്ഞാനം വളരെ ചുരുക്കം പേർക്കേ ഉണ്ടായിരുന്നുള്ളൂ. പുതിയ സ്ഥലത്തേക്ക് പോകുന്നതിന് ഭൂരിപക്ഷം പേർക്കും ഒരു ദിവസത്തെ നോട്ടീസേ ലഭിച്ചിട്ടുള്ളൂ. പലരും കരുതിയത് മൂന്നു ദിവസത്തെ പരിശീലനത്തിനുശേഷം ഡ്യൂട്ടിയിൽ ചേരുന്നതിന് സാവകാശം ലഭിക്കുമെന്നായിരുന്നു. പരിശീലനക്കളരിയിൽനിന്ന് അപ്രതീക്ഷിതമായ വെല്ലുവിളികളും പ്രതികൂല സാഹചര്യങ്ങളും ഉള്ള പ്രവർത്തി സ്ഥലത്തേയ്ക്ക് ആണ് അവർക്ക് പോകേണ്ടിവന്നത്. സ്വാഭാവികമായും ആദ്യ ആഴ്ച ഒരു പരീക്ഷണ ഘട്ടം തന്നെയായിരുന്നു. ഇത് മുൻകൂട്ടി അറിയാവുന്നതുകൊണ്ട് പരിപാടി ആഗസ്റ്റ് 7-ന് ഉദ്ഘാടനം ചെയതുവെങ്കിലും, ആഗസ്റ്റ് 15 മുതലേ പൗരാവകാശ രേഖ പ്രാബല്യത്തിൽ വരൂ എന്ന് മുന്നറിയിപ്പ് നൽകിയിരുന്നു.

നാലാം അധ്യായത്തിൽ പ്രതിപാദിച്ചതുപോലെ പ്രതികൂലമായ മാധ്യമ പ്രതികരണങ്ങളുണ്ടായി. ഉദ്യോഗസ്ഥരെ തിരഞ്ഞെടുത്തതും ആവശ്യമായ മുന്നൊരുക്കങ്ങൾ പൂർത്തിയാക്കാത്തതും സംബന്ധിച്ചായിരുന്നു വിമർശനം. എല്ലാ മുന്നൊരുക്കങ്ങളും നടത്തിയിട്ട് ഒരുകാലത്തും അഴിമതി ഇല്ലാതായിട്ടില്ല. അഴിമതി നിർമ്മാർജ്ജനത്തിന് തുടക്കം ധാർമ്മിക ഇഛതന്നെയാണ്. അത് സ്ഥായിയാക്കുന്നതിന് പുതിയ സംവിധാനങ്ങൾ കൊണ്ടുവരണം. ഇതാണ് അഴിമതിരഹിത വാളയാർ പദ്ധതിയുടെ സമീപനം.

മുകളിൽ പറഞ്ഞ സമീപനത്തിന് മൂന്ന് നിർണായക വശങ്ങളുണ്ട്. അഴിമതിക്കെതിരായ ജീവനക്കാരുടെ ധാർമ്മിക ഇഛ. ഇതിന് സർവ പിന്തുണയും നൽകുന്ന ഭരണനയങ്ങൾ. അഴിമതിക്ക് കീഴടങ്ങാതെ തലയുയർത്തി നിൽക്കാൻ ജീവനക്കാരിൽ ആത്മവിശ്വാസം വളർത്തുക എന്നതാണ് പ്രധാനം. തെറ്റുചെയ്താൽ അത് വെളിപ്പെടുമെന്നും ശിക്ഷ ഉണ്ടാകുമെന്നതിനും ഉള്ള സാധ്യത പരമാവധിയാക്കണം. മാധ്യമങ്ങളാണ് ഈ അന്തരീക്ഷസൃഷ്ടിക്ക് പ്രധാന പങ്കുവഹിക്കേണ്ടത്. ഇത്രയും കാര്യങ്ങളിൽ അഴിമതിരഹിത വാളയാർ പരിപാടി വിജയിച്ചുകഴിഞ്ഞു. ഈ വിജയം സ്ഥായിയാക്കുന്നതിന് നടപടിക്രമങ്ങളിലെ വ്യവസ്ഥകളിലും സംവിധാനങ്ങളിലും അടിയന്തിര പരിഷ്ക്കാരങ്ങൾ വരുത്തണം. ഇതിനെയാണ് അഴിമതിരഹിത വാളയാർ പദ്ധതിയുടെ രണ്ടാംഘട്ടമായി വിഭാവനം ചെയ്യുന്നത്.

## നിയമനങ്ങൾ

ആദ്യം പരിഹരിക്കേണ്ടുന്ന പ്രശ്നം ചെക്ക്പോസ്റ്റിന്റെ സുഗമമായ പ്രവർത്തന

ത്തിന് ആവശ്യമായ ജീവനക്കാരുടെ എണ്ണം തന്നെയാണ്. വാളയാറിലും അനുബന്ധ ചെക്ക്പോസ്റ്റുകളിലും അനുവദിക്കപ്പെട്ട ജീവനക്കാരുടെ എണ്ണം 151 ആണ്. കാലാകാലങ്ങളിൽ അഡ്ഹോക്കായി തീരുമാനിച്ചിരുന്ന തസ്തികകൾക്കും പ്രവൃത്തിവിഭജനത്തിനും ശാസ്ത്രീയ വർക്സ്റ്റഡിയുടെ പിൻബലമില്ലായിരുന്നു. യഥാർഥത്തിൽ വേണ്ടിവന്നിരുന്ന ജീവനക്കാരുടെ എണ്ണം സംബന്ധിച്ച് ശാസ്ത്രീയമായ ഒരു പഠനം കൂടിയേതീരൂ. കമ്പ്യൂട്ടർവത്കരണം, പുതിയ നടപടിക്രമങ്ങൾ, വിവിധ ചെക്ക്പോസ്റ്റുകളുടെ ഏകോപനം തുടങ്ങിയവ കണക്കിലെടുത്തുകൊണ്ടുള്ള ഒരു പഠനമാണ് വേണ്ടത്. അതുവരെ ചില മൊത്തതോതുകൾവെച്ച് ആവശ്യം നിർണയിക്കുകയേ നിർവാഹമുള്ളൂ.

ഒരു കൗണ്ടർ പ്രവർത്തിക്കാൻ ചുരുങ്ങിയത് ഒരേസമയത്ത് 1 ഇൻസ്പെക്ടർ, 1 ക്ലർക്ക്, 1 ശിപായി എന്നിവർ വേണം. വണ്ടി പരിശോധിക്കുന്നതിന് ചുരുങ്ങിയത് ഒരു കൗണ്ടറിന് 1 ഇൻസ്പെക്ടർ, 1 ശിപായി എന്നിവർ അത്യാവശ്യമാണ്. ഗേറ്റ് കൈകാര്യം ചെയ്യുന്നതിന് ഒരു ശിപായിയുടെ സേവനവും ആവശ്യമാണ്. വാളയാറിൽ സെയിൽസ് ടാക്സ് ഓഫീസർമാരുടെയും ഐ.എ.സിയുടേയും സേവനവും ആവശ്യമുണ്ട്. ഇങ്ങനെ നോക്കുമ്പോൾ മൊത്തം 362 ജീവനക്കാർ വേണം. ഇതൊരധികപ്പറ്റാണെന്നതിന് സംശയമില്ല. വിവിധ ചെക്ക്പോസ്റ്റുകളുടെ സംയോജിതമായ സമീപനത്തിലൂടെ എണ്ണം ഗണ്യമായി കുറയ്ക്കാനാകും. പുതിയ പ്രവൃത്തിവിഭജനത്തിലൂടെ വാളയാറിന് ആവശ്യമുള്ള കൗണ്ടറുകളുടെ എണ്ണം 16-ൽനിന്ന് പത്താക്കുന്നതിലും പ്രശ്നമില്ല. എങ്കിൽതന്നെ ആവശ്യമുള്ളതിനേക്കാൾ എത്രയോ കുറവാണ് നിലവിലുള്ള തസ്തികകളുടെ എണ്ണം എന്നു മനസ്സിലാക്കുന്നതിന് ഈ മൊത്തകണക്ക് സഹായിക്കും. ഏഴ് ചെക്ക്പോസ്റ്റുകളിൽ തസ്തികകളേ ഇല്ല.

ചെക്ക്പോസ്റ്റുകളുടെ സംയോജനവും കമ്പ്യൂട്ടർവത്കരണവും നടപടിക്രമങ്ങളും പുനഃസംവിധാനവുംവഴി പട്ടിക 9.1-ൽ നൽകിയിരിക്കുന്ന തസ്തികകളുടെ എണ്ണം ഗണ്യമായി കുറയ്ക്കാൻ ആകും. എങ്കിലും കൂടുതൽ തസ്തികകൾ വേണ്ടിവരുമെന്ന് വ്യക്തമാണ്. ഇത്രയും തസ്തികകൾ കൂടുതലായി സൃഷ്ടിക്കുന്നതിന് ഉദ്ദേശിക്കുന്നില്ല. സർക്കാരിന്റെ പല വകുപ്പുകളിലും ഇന്ന് ആവശ്യത്തിലധികം തസ്തികകൾ ഉണ്ട്. അവ വിലയിരുത്തുന്നതിന് ധനമന്ത്രി അധ്യക്ഷനായി ഒരു കാബിനറ്റ് സബ്കമ്മിറ്റിരൂപീകരിച്ചിരുന്നു. ഈ കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ മറ്റു വകുപ്പുകളിൽനിന്ന് പുനർവിന്യസിപ്പിക്കപ്പെടും.

സ്റ്റാഫില്ലാതെ ചെക്ക്പോസ്റ്റുകളിലെ പണിയെങ്ങനെ നടന്നു എന്നത് വലിയ പ്രഹേളികയാണ്. നിയമപരമായി നടക്കേണ്ടുന്ന പല പരിശോധനകളും നടപടികളും നടക്കാറില്ല എന്നുള്ളതുതന്നെയാണ് ഏറ്റവും പ്രധാനപ്പെട്ട ഉത്തരം. ഇതിനുപുറമെ സഹായികളായി പ്രാദേശികമായി ആളുകളെ വണ്ടി പരിശോധിക്കുന്നതിനും പാചകം ചെയ്യുന്നതിനും ഓഫീസ് ശുചിയാക്കുന്നതിനും രേഖകൾ തയ്യാറാക്കുന്നതിനും എന്തിന് ട്രഷറിയിൽ പണം കൊണ്ടുപോയി അടയ്ക്കുന്നതിനുവരെ നിയോഗിച്ചിരുന്നു. വാളയാറിലും അനുബന്ധ ചെക്ക്പോസ്റ്റുകളിലും 100-ലധികംപേർ പണിയെടുത്തിരുന്നതായാണ് ഇപ്പോൾ മനസ്സിലാക്കുന്നത്. ഇവർക്കുവേണ്ടുന്ന ശമ്പളവും മറ്റ് ചെലവുകളുമെല്ലാം മാമൂലിൽ നിന്നാണ് കൊടുത്തുകൊണ്ടിരുന്നത്. സർക്കാരിനെ സംബന്ധിച്ച് ഏറ്റവും അപമാനകരമായ ഈ പതിവ് കുറേ വർഷങ്ങളായി തുടരുകയായിരുന്നു. ഈ സമ്പ്രദായം അവസാനിപ്പിച്ചുവെന്നതാണ് അഴിമതി നിർമ്മാർജ്ജനത്തിലേക്ക് നയിച്ച ഒരു സുപ്രധാന നടപടി.

വാളയാറിലും അനുബന്ധ ചെക്ക്പോസ്റ്റുകളിലും 151 തസ്തികകളെ ഉള്ളൂവെങ്കിലും 258 പേരെ വിന്യസിച്ചിട്ടുണ്ട്. പോസ്റ്റില്ലെങ്കിലും വർക്അറേഞ്ച്മെന്റിൽ മറ്റ് ജില്ലകളിൽനിന്ന് ജീവനക്കാരെ നിയോഗിച്ചിരിക്കുകയാണ്. ഇത്രയുംപേരെ വിന്യസിച്ചതുതന്നെ മറ്റുപ്രദേശങ്ങളിൽ സ്വാഭാവികമായി ചില പ്രതികൂല പ്രത്യാഘാതങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. അതുകൊണ്ട് ആവശ്യത്തിന് മുഴുവൻ

പട്ടിക 9.1

*അഴിമതി രഹിത വാളയാർ ആവശ്യമുള്ള ജീവനക്കാരുടെ എണ്ണം*

| ചെക്ക്പോസ്റ്റ് | നിലവിലുണ്ടായിരുന്ന തസ്തികകൾ | അഴിമതിരഹിത വാളയാർ പദ്ധതിയുടെ ഭാഗമായി നിയോഗിക്കപ്പെട്ടവർ | ആവശ്യമുള്ള കൗണ്ടറുകളുടെ എണ്ണം | എല്ലാ കൗണ്ടറുകളും പ്രവർത്തിക്കാൻ ആവശ്യമുള്ള തസ്തിക |
|---|---|---|---|---|
| വാളയാർ | 99 | 149 + 17* | 16 | 225 |
| കോഴിപ്പാറ | 12 | 19 + 2* | 3 | 25 |
| നടുപ്പുണി | 8 | 8 + 1* | 2 | 15 |
| ഗോപാലപുരം | 14 | 17 + 6* | 3 | 25 |
| മീനാക്ഷിപുരം | 7 | 15 + 2* | 2 | 15 |
| ഗോവിന്ദപുരം | 11 | 14 + 2* | 2 | 15 |
| മേനോൻപാറ | – – | 4 | 1 | 6 |
| ഒഴലപ്പതി | – – | 4 | 1 | 6 |
| വാളറ | – – | 6 | 1 | 6 |
| അഞ്ചാംമൈൽ | – – | 4 | 1 | 6 |
| അത്തിക്കോട് | – – | 6 | 1 | 6 |
| കന്നിമാരി | – – | 6 | 1 | 6 |
| ചെമ്മണാംപതി | – – | 5 | 1 | 6 |
| ആകെ | 151 | 258 + 30* | 35 | 362 |

** എക്സ് സർവീസ്മെൻ*

ആളുകളെയും നിയോഗിക്കുന്നതിന് കഴിഞ്ഞിട്ടില്ല. കൂടുതൽ ജീവനക്കാരെ നൽകാതെ തുടർച്ചയായി അധികഭാരം നിലവിലുള്ളവരുടെമേൽ അടിച്ചേൽപ്പിക്കാനുമാകില്ല. ഈ പശ്ചാത്തലത്തിലാണ് ജില്ലാസൈനിക വെൽഫെയർ ബോർഡ് വഴി 30 പേരെ തെരഞ്ഞെടുത്ത് ചെക്ക്പോസ്റ്റുകളിലേക്ക് ദിവസക്കൂലിക്ക് നിയോഗിച്ചത്. ഇവർക്ക് മറ്റ് ഭാഷകൾ കൈകാര്യം ചെയ്യാൻ അറിയാം എന്നത് പ്രായോഗികമായി വളരെ സൗകര്യപ്രദമാണ്. വാഹനപരിശോധനയ്ക്കാണ് ഇവരെ അധികവും വിനിയോഗിക്കുന്നത്.

ഓരോ ചെക്ക്പോസ്റ്റുകളിലെയും അനുവദിക്കപ്പെട്ടവരുടെ എണ്ണവും മുമ്പുണ്ടായിരുന്നവരുടെ എണ്ണവും നിലവിൽ അനുവദിച്ചവരെയും സംബന്ധിച്ച് കണക്ക് ഈ അധ്യായത്തിൽ അനുബന്ധമായി നൽകിയിട്ടുണ്ട്.

## താമസം, ഭക്ഷണം, യാത്ര

പാലക്കാട് ജില്ലക്ക് പുറത്തുനിന്നുവന്ന ജീവനക്കാർക്ക് താമസസൗകര്യം ഏർപ്പെടുത്തുക എന്നത് അത്യന്താപേക്ഷിതമാണ്. ഷിഫ്റ്റുകൾ കൃത്യസമയത്ത് ആരംഭിക്കുന്നതിന് ജീവനക്കാർ ചെക്ക്പോസ്റ്റിനു സമീപം തന്നെ താമസിക്കുന്നത് സൗകര്യമാണ്. ഗതാഗത അസൗകര്യങ്ങൾമൂലം ദൂരെനിന്ന് യാത്ര ചെയ്ത് ചെക്ക്പോസ്റ്റിൽ എത്തുക ദുഷ്കരമാണ്. ഈ വെല്ലുവിളി ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിന് കഴിഞ്ഞു. വാളയാറിലെ ജീവനക്കാർക്ക് ക്വാർട്ടേഴ്സില്ല. എന്നാൽ ചെക്ക്പോസ്റ്റിനു പുറകിൽ 80

പേർക്ക് താമസിക്കാൻ സൗകര്യമുള്ള ലോഡ്ജുണ്ട്. ഈ ലോഡ്ജ് മൊത്തത്തിൽ വാടകക്കെടുത്തു. മുമ്പ് ഈ ലോഡ്ജ് ഇടനിലക്കാരുടെ താവളമായിരുന്നു. ജീവനക്കാരിൽ ഒരു പങ്കും അവിടെതന്നെയായിരുന്നു താമസിച്ചിരുന്നത്. എല്ലാ അഴിമതി ഏർപ്പാടുകളും തീരുമാനിക്കപ്പെടുന്നതും പണമേറ്റു വാങ്ങുന്നതുമൊക്കെ ഈ ലോഡ്ജിൽവച്ചായിരുന്നു. ജീവനക്കാർ മാത്രമേ ഇപ്പോൾ ഇവിടെ താമസിക്കുന്നുള്ളൂ.

ജീവനക്കാർക്ക് താമസിക്കാനുള്ള താവളമൊരുക്കുക മാത്രമല്ല അഴിമതി അവസാനിപ്പിക്കുകയും ചെയ്തു. കോഴിപ്പാറയിലും ഗോപാലപുരത്തും ഓഫീസിന്റെ മുകളിലത്തെ നിലയിൽ താമസസൗകര്യമുണ്ട്. ഗോവിന്ദപുരം, മീനാക്ഷിപുരം, നടുപ്പുണി എന്നിവിടങ്ങളിലെ സ്റ്റാഫ് ക്വാർട്ടേഴ്സ് സജ്ജമാക്കിയെടുക്കാൻ കഴിയും. പുറമ്പോക്കിലുള്ള അനുബന്ധ ചെക്ക്പോസ്റ്റുകളുടെ പ്രശ്നം കണ്ടെയ്നർ കാബിനുകൾ സ്ഥാപിക്കുന്നതോടെ പരിഹരിക്കാവുന്നതാണ്.

ചെക്ക്പോസ്റ്റിലെ ഭക്ഷണമായിരുന്നു ജീവനക്കാരെ അലട്ടിയിരുന്ന മറ്റൊരുകാര്യം. വാളയാറിലെയും അനുബന്ധ ചെക്ക്പോസ്റ്റുകളിലെയും വാണിജ്യനികുതി ജീവനക്കാർക്ക് കുടുംബശ്രീ വഴി ആറു മാസത്തേക്ക് സൗജന്യമായി ഭക്ഷണം നൽകുന്നതിന് സർക്കാർ ഉത്തരവിറക്കിയിട്ടുണ്ട്. മൊത്തം 31.78 ലക്ഷം രൂപയാണ് ഇതിന്റെ ചെലവായി കണക്കാക്കുന്നത്. എന്നാൽ ഇതിന്റെ പകുതി മാത്രമേ സർക്കാരിന് ചെലവഴിക്കേണ്ടിവരൂ. ബാക്കി സ്പോൺസർഷിപ്പുവഴി കണ്ടെത്താനാണ് തീരുമാനിച്ചിട്ടുള്ളത്. കാലാകാലങ്ങളിൽ നടത്തുന്ന സോഷ്യൽ ഓഡിറ്റിന് തയ്യാറാക്കുന്ന റിപ്പോർട്ടുകൾ പ്രസിദ്ധീകരിക്കുമ്പോൾ ശേഖരിക്കുന്ന പരസ്യത്തിൽനിന്ന് ഈ പണം കണ്ടെത്താനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ചെക്ക്പോസ്റ്റ് പരിഷ്കാരങ്ങളുടെ ഗുണഭോ

പട്ടിക 9.2

*ജീവനക്കാരുടെ താമസ ഭക്ഷണ സൗകര്യങ്ങൾ*

| ചെക്ക്പോസ്റ്റ് | താമസം | ഭക്ഷണം | കുടിവെള്ളം |
|---|---|---|---|
| വാളയാർ | സമീപത്തുള്ള ലോഡ്ജിൽ 80 പേരും അടുത്തുള്ള ഐ.റ്റി.ഐ ക്വാർട്ടേഴ്സിൽ 40 പേരും ബാക്കിയുള്ളവർ ശിക്ഷക് സദനിലും | ലോഡ്ജിൽ കുടുംബശ്രീ നടത്തുന്ന കാന്റീൻ | തിളപ്പിച്ച വെള്ളം |
| **കോഴിപ്പാറ** | മുഴുവൻപേരും ചെക്ക്പോസ്റ്റ് കെട്ടിടത്തിലെ ഡോർമിറ്ററി ഹാളിൽ | എല്ലാ ചെക്ക്പോസ്റ്റുകളിലും കുടുംബശ്രീ യൂണിറ്റുകൾ വഴി ഭക്ഷണം വിതരണം ചെയ്യുന്നു | എല്ലാ ചെക്ക്പോസ്റ്റുകളിലും കുടുംബശ്രീ യൂണിറ്റുകൾ വഴി തിളപ്പിച്ച കുടിവെള്ളം വിതരണം ചെയ്യുന്നു |
| **നടുപ്പുണി** | ചെക്ക്പോസ്റ്റ് ക്വാർട്ടേഴ്സ് | | |
| **ഗോപാലപുരം** | ചെക്ക്പോസ്റ്റ് കെട്ടിടത്തിലെ ഡോർമിറ്ററി | | |
| **മീനാക്ഷിപുരം** | ചെക്ക്പോസ്റ്റ് ക്വാർട്ടേഴ്സിൽ | | |
| **ഗോവിന്ദപുരം** | ചെക്ക്പോസ്റ്റ് കെട്ടിടത്തിലെ ഡോർമിറ്ററി | | |
| **മേനോൻപാറ** | കോഴിപ്പാറ ചെക്ക്പോസ്റ്റ് ഡോർമിറ്ററി | | |
| **ഒഴലപ്പതി** | ചെക്ക്പോസ്റ്റിൽതന്നെ താമസം | | |
| **വാളറ** | ചെക്ക്പോസ്റ്റിൽതന്നെ താമസം | | |
| **അഞ്ചാംമൈൽ** | ഗോപാലപുരം ഡോർമിറ്ററി | | |
| **അത്തിക്കോട്** | ചെക്ക്പോസ്റ്റിൽതന്നെ താമസം | | |
| **കന്നിമാരി** | ചെക്ക്പോസ്റ്റിൽതന്നെ താമസം | | |
| **ചെമ്മണാംപതി** | ചെക്ക്പോസ്റ്റിൽതന്നെ താമസം | | |

ക്താക്കളായിട്ടുള്ള വൻകിട വാണിജ്യ വ്യവസായ സ്ഥാപനങ്ങൾക്ക് ഇന്ന് തുഛമായ സംഭാവന മാത്രമേ ആകുന്നുള്ളൂ. ചെക്ക്പോസ്റ്റുകളിലെ സഹായത്തിനായി നൽകിയിരിക്കുന്ന പോലീസുകാർക്കും ഈ സംവിധാനത്തിലൂടെയാണ് ഭക്ഷണം നൽകുന്നത്.

കുടിവെള്ളവും പ്രശ്നമാണ്. കുപ്പിശുദ്ധജലം വണ്ടിയിൽ എത്തിച്ചുകൊടുക്കുകയാണ് തുടക്കത്തിൽ ചെയ്തിരുന്നത്. എല്ലാസ്ഥലങ്ങളിലും ഇപ്പോൾ കുടുംബശ്രീ യൂണിറ്റുകൾ വഴി തിളപ്പിച്ച വെള്ളം ജീവനക്കാർക്ക് നൽകുന്നുണ്ട്.

ചെക്ക്പോസ്റ്റുകളിലേക്കുള്ള യാത്രയ്ക്കും മറ്റും പുതിയ വാഹനങ്ങൾ നൽകിയിട്ടില്ല. എന്നാൽ ആവശ്യാനുസരണം കെ.എസ്.ആർ.റ്റി.സി.യുടെ നിരക്കിൽ വാടകക്കെടുക്കുന്നതിന് സൗകര്യമുണ്ട്. എന്നാൽ ഹ്രസ്വദൂര ഓട്ടങ്ങൾക്ക്, അതും ചെക്ക്പോസ്റ്റുകളിൽ നീണ്ട കാത്തിരിപ്പോടുകൂടിയുള്ള ഓട്ടങ്ങൾക്ക് ഈ നിരക്കിൽ വണ്ടികൾ ലഭിക്കുന്നതിന് വളരെയേറെ പ്രയാസങ്ങളുണ്ട്.

## നേട്ടങ്ങൾ

ഭൂരിപക്ഷം ജീവനക്കാരും വളരെ ത്യാഗപൂർണമായ പ്രവർത്തനമാണ് നടത്തിയിട്ടുള്ളത്. തുടർച്ചയായി ജോലിയെടുക്കേണ്ടിവന്നതുകൊണ്ട് ഓഫീസിൽ കുഴഞ്ഞുവീണ ജീവനക്കാരുണ്ട്. സാധാരണഗതിയിലുള്ള മികച്ച പ്രവർത്തനത്തിന് ആരുടെയും പേര് റിപ്പോർട്ടിൽ പരാമർശിക്കുന്നില്ല. എന്നാൽ രണ്ട് സുപ്രധാനമായ വെട്ടിപ്പ് കണ്ടുപിടിച്ചതിന്റെപിന്നിൽ പ്രവർത്തിച്ചവർക്ക് ഈ അംഗീകാരം നൽകുകയാണ്. ആദ്യത്തേത് നടുപ്പുണി ചെക്ക്പോസ്റ്റിൽ ചെലാനിൽ കൃത്രിമം കാണിച്ച് നടത്തിക്കൊണ്ടിരുന്ന നികുതിവെട്ടിപ്പ് കണ്ടുപിടിച്ചതിനാണ്. ഇത് കണ്ടുപിടിച്ചത് ചെക്ക്പോസ്റ്റ് ഇൻസ്പെക്ടർ സി.കെ. രമേശനാണ്. ഇത് കണ്ടുപിടിക്കുന്നതിന് നേതൃത്വം നൽകിയത് ചിറ്റൂർ ഇൻസ്പെക്ടിംഗ് അസി.കമ്മീഷണർ പി.ആർ.വിജയകുമാറാണ്. രണ്ടാമത്തെ കേസ് ഒരു പ്രമുഖ സ്റ്റീൽ കമ്പനി അയേൺ സ്ക്രാപ്പ് വാങ്ങുന്നതിലും കമ്പിവിൽക്കുന്നതിലും അഞ്ചുകോടി രൂപയുടെ ടേണോവർ കണക്കിൽ ചേർക്കാതിരുന്നത് കണ്ടുപിടിച്ചതിനാണ്. ഇരുപത് ലക്ഷം രൂപയുടെ നികുതിവെട്ടിപ്പാണ് ഇങ്ങനെ കണ്ടുപിടിച്ചത്. രണ്ട്ലക്ഷംരൂപ കോമ്പൗണ്ടിംഗ് ഫീസ് സ്വീകരിച്ച് കുറ്റം ഒത്തുരാജിയാക്കുകയാണ് ചെയ്തത്. ഏഴാം നമ്പർ സ്ക്വാഡിലെ ഇന്റലിജൻസ് ഓഫീസറായ ഡി.പി.ശശിധരൻ, ഇൻസ്പെക്ടർമാരായ സി.ശങ്കരവാര്യർ, ഇ.ബാലകൃഷ്ണൻ, ഡ്രൈവർ ഷെയ്ക് മുസ്തഫ എന്നിവരുടെ ജാഗ്രതയാണ് ഈ വെട്ടിപ്പ് കണ്ടുപിടിക്കുന്നതിന് വഴിയൊരുക്കിയത്.

പാലക്കാട് ജില്ലാ ഡെപ്യൂട്ടി കമ്മീഷണർ കെ.മുരളീധരനാണ് മൊത്തം ഓപ്പറേഷന്റെ ചുമതല. ഇൻസ്പെക്ടിംഗ് അസി.കമ്മീഷണർ (ഇന്റലിജൻസ്) കെ.ഐ.സലീം, വാളയാർ ഇൻസ്പെക്ടിംഗ് അസി.കമ്മീഷണർ ബി.ആർ.കാർത്തിക്, ചിറ്റൂർ ഇൻസ്പെക്ടിംഗ് അസി.കമ്മീഷണർ പി.ആർ.വിജയകുമാർ എന്നിവർ പ്രത്യേകം അഭിനന്ദനങ്ങൾ അർഹിക്കുന്നു.



# അനുബന്ധം 1

## വാളയാർ

| തസ്തിക | ജീവനക്കാരുടെ എണ്ണം | | അനുവദിക്കപ്പെട്ട തസ്തിക |
|---|---|---|---|
| | മിഷൻ പാലക്കാടിനു മുമ്പ് | ഇപ്പോൾ | |
| അസിസ്റ്റന്റ് കമ്മീഷണർ | 1 | 1 | 1 |
| കമേഴ്സ്യൽ ടാക്സ് ഓഫീസർ | 6 | 6 | 6 |
| കമേഴ്സ്യൽ ടാക്സ് ഇൻസ്പെക്ടർ | 41 | 56 | 45 |
| ക്ലാർക്ക് | 30 | 31 | 31 |
| പ്യൂൺ | 20 | 42 | 21 |
| ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർ | Nil | 10 | Nil |
| ജൂനിയർ സൂപ്രണ്ട് | 1 | Nil | Nil |
| ഡ്രൈവർ (ഡെപ്യൂട്ടേഷനിൽ) | 2 | 2 | Nil |
| ആകെ | 101* | 149 | |

## വേലന്താവളം

| തസ്തിക | ജീവനക്കാരുടെ എണ്ണം | | അനുവദിക്കപ്പെട്ട തസ്തിക |
|---|---|---|---|
| | മിഷൻ പാലക്കാടിനു മുമ്പ് | ഇപ്പോൾ | |
| കമേഴ്സ്യൽ ടാക്സ് ഇൻസ്പെക്ടർ | 4 | 8 | 8 |
| ക്ലാർക്ക് | 4 | 4 | Nil |
| പ്യൂൺ | 4 | 7 | 4 |
| ആകെ | 12 | 19 | 12 |

## നടുപ്പുണ്ണി

| തസ്തിക | ജീവനക്കാരുടെ എണ്ണം | | അനുവദിക്കപ്പെട്ട തസ്തിക |
|---|---|---|---|
| | മിഷൻ പാലക്കാടിനു മുമ്പ് | ഇപ്പോൾ | |
| കമേർസ്യൽ ടാക്സ് ഇൻസ്പെക്ടർ | 4 | 4 | 4 |
| പ്യൂൺ | 4 | 4 | 4 |
| ആകെ | 8 | 8 | 8 |

## മീനാക്ഷിപുരം

| തസ്തിക | ജീവനക്കാരുടെ എണ്ണം | | അനുവദിക്കപ്പെട്ട തസ്തിക |
|---|---|---|---|
| | മിഷൻ പാലക്കാടിനു മുമ്പ് | ഇപ്പോൾ | |
| കമേർസ്യൽ ടാക്സ് ഇൻസ്പെക്ടർ | 4 | 4 | 4 |
| ക്ലാർക്ക് | 0 | 4 | Nil |
| പ്യൂൺ | 3 | 4 | 5 |
| ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർ | 0 | 3 | Nil |
| ആകെ | 7 | 15 | |

### ഗോപാലപുരം

| തസ്തിക | ജീവനക്കാരുടെ എണ്ണം | | അനുവദിക്കപ്പെട്ട തസ്തിക |
|---|---|---|---|
| | മിഷൻ പാലക്കാടിനു മുമ്പ് | ഇപ്പോൾ | |
| കമേർസ്യൽ ടാക്സ് ഇൻസ്പെക്ടർ | 5 | 5 | 5 |
| ക്ലാർക്ക് | 4 | 4 | 3 |
| പ്യൂൺ | 5 | 5 | 5 |
| ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർ | 0 | 3 | Nil |
| ആകെ | 14 | 17 | 13 |

### ഗോവിന്ദപുരം

| തസ്തിക | ജീവനക്കാരുടെ എണ്ണം | | അനുവദിക്കപ്പെട്ട തസ്തിക |
|---|---|---|---|
| | മിഷൻ പാലക്കാടിനു മുമ്പ് | ഇപ്പോൾ | |
| കമേർസ്യൽ ടാക്സ് ഇൻസ്പെക്ടർ | 4 | 4 | 4 |
| ക്ലാർക്ക് | 3 | 3 | 3 |
| പ്യൂൺ | 4 | 4 | 4 |
| ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർ | 0 | 3 | Nil |
| ആകെ | 11 | 14 | 11 |

### അത്തിക്കോട്

| തസ്തിക | ജീവനക്കാരുടെ എണ്ണം | | അനുവദിക്കപ്പെട്ട തസ്തിക |
|---|---|---|---|
| | മിഷൻ പാലക്കാടിനു മുമ്പ് (ഡെപ്യൂട്ടേഷൻ വഴി) | ഇപ്പോൾ | |
| കമേർസ്യൽ ടാക്സ് ഇൻസ്പെക്ടർ | 3 | 3 | Nil |
| പ്യൂൺ | 3 | 3 | Nil |
| ആകെ | 6 | 6 | Nil |

### വാളറ

| തസ്തിക | ജീവനക്കാരുടെ എണ്ണം | | അനുവദിക്കപ്പെട്ട തസ്തിക |
|---|---|---|---|
| | മിഷൻ പാലക്കാടിനു മുമ്പ് | ഇപ്പോൾ | |
| കമേർസ്യൽ ടാക്സ് ഇൻസ്പെക്ടർ | 0 | 3 | Nil |
| പ്യൂൺ | 0 | 3 | Nil |
| ആകെ | 0 | 6 | |

## കന്നിമാരി

| തസ്തിക | ജീവനക്കാരുടെ എണ്ണം | | അനുവദിക്കപ്പെട്ട തസ്തിക |
|---|---|---|---|
| | മിഷൻ പാലക്കാടിനു മുമ്പ് | ഇപ്പോൾ | |
| കമേർസ്യൽ ടാക്സ് ഇൻസ്പെക്ടർ | 0 | 3 | Nil |
| പ്യൂൺ | 0 | 3 | Nil |
| ആകെ | 0 | 6 | |

## അഞ്ചാംമൈൽ

| തസ്തിക | ജീവനക്കാരുടെ എണ്ണം | | അനുവദിക്കപ്പെട്ട തസ്തിക |
|---|---|---|---|
| | മിഷൻ പാലക്കാടിനു മുമ്പ് | ഇപ്പോൾ | |
| കമേർസ്യൽ ടാക്സ് ഇൻസ്പെക്ടർ | 0 | 2 | Nil |
| പ്യൂൺ | 0 | 2 | Nil |
| ആകെ | 0 | 4 | |

## ചെമ്മണാംപതി

| തസ്തിക | ജീവനക്കാരുടെ എണ്ണം | | അനുവദിക്കപ്പെട്ട തസ്തിക |
|---|---|---|---|
| | മിഷൻ പാലക്കാടിനു മുമ്പ് | ഇപ്പോൾ | |
| കമേർസ്യൽ ടാക്സ് ഇൻസ്പെക്ടർ | 0 | 2 | Nil |
| പ്യൂൺ | 0 | 3 | Nil |
| ആകെ | 0 | 5 | |

## ഒഴലപ്പതി

| തസ്തിക | ജീവനക്കാരുടെ എണ്ണം | | അനുവദിക്കപ്പെട്ട തസ്തിക |
|---|---|---|---|
| | മിഷൻ പാലക്കാടിനു മുമ്പ് | ഇപ്പോൾ | |
| കമേർസ്യൽ ടാക്സ് ഇൻസ്പെക്ടർ | 0 | 2 | ചശഹ |
| പ്യൂൺ | 0 | 2 | ചശഹ |
| ആകെ | 0 | 4 | |

## മേനോൻപാറ

| തസ്തിക | ജീവനക്കാരുടെ എണ്ണം | | അനുവദിക്കപ്പെട്ട തസ്തിക |
|---|---|---|---|
| | മിഷൻ പാലക്കാടിനു മുമ്പ് | ഇപ്പോൾ | |
| കമേർസ്യൽ ടാക്സ് ഇൻസ്പെക്ടർ | 0 | 2 | Nil |
| പ്യൂൺ | 0 | 2 | Nil |
| ആകെ | 0 | 4 | |

ഇതിനു പുറമെ വാളയാറിൽ 17, കോഴിപ്പാറയിൽ 2, നടുപ്പുണ്ണിയിൽ 1, ഗോപാലപുരത്ത് 6, മീനാക്ഷിപുരത്ത് 2, ഗോവിന്ദപുരത്ത് 2 എന്നീ ക്രമത്തിൽ ആകെ 30 എക്സ് സർവ്വീസ്മാൻമാരെയും നിയോഗിച്ചിട്ടുണ്ട്.

## പാലക്കാട് ജില്ലയിലെ വിവിധ ചെക്ക് പോസ്റ്റുകളിലായി വിവിധ തസ്തികകളിൽ വിന്യസിക്കപ്പെട്ടിട്ടുള്ള ജീവനക്കാരുടെ കണക്ക്

| തസ്തിക | ജീവനക്കാരുടെ എണ്ണം | | അനുവദിക്കപ്പെട്ട തസ്തിക |
|---|---|---|---|
| | മിഷൻ പാലക്കാടിനു മുമ്പ് | ഇപ്പോൾ | |
| അസിസ്റ്റന്റ് കമ്മീഷണർ | 1 | 1 | 1 |
| കമേർസ്യൽ ടാക്സ് ഓഫീസർ | 6 | 6 | 6 |
| കമേർസ്യൽ ടാക്സ് ഇൻസ്പെക്ടർ | 66 | 99 | 66 |
| ക്ലാർക്ക് | 41 | 45 | 41 |
| പ്യൂൺ | 43 | 75 | 43 |
| ഡ്രൈവർ (ഡെപ്യൂട്ടേഷനിൽ) | 2 | 2 | Nil |
| ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർ | 0 | 19 | Nil |
| ആകെ | **159** | **239** | **157** |

കൂടുതലായി വിന്യസിക്കപ്പെട്ട ജീവനക്കാരുടെ എണ്ണം : 109

